## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 287     20.06.2018- ൽ മറുപടിയ്ക്ക്

### വയോമിത്രം പദ്ധതി

ചോദ്യം

ശ്രീ. കെ.കുഞ്ഞിരാമൻ
ശ്രീ.വി.കെ.സി.മമ്മത് കോയ
ശ്രീ.സജി ചെറിയാൻ
ശ്രീ.കെ.വി.അബ്ദുൾ ഖാദർ.

മറുപടി

കെ.കെ.ശൈലജ ടീച്ചർ
(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് അറുപത്തിയഞ്ച് വയസ്സിന് മുകളിൽ പ്രായമുള്ളവർക്കായി നടപ്പാക്കി വരുന്ന വയോമിത്രം പദ്ധതിയിൽ എന്തെല്ലാം സേവനങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്തെ നഗരസഭാ പ്രദേശത്ത് (മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ) വസിക്കുന്ന 65 വയസ്സ് കഴിഞ്ഞ മുതിർന്ന പൗരർക്ക് ആരോഗ്യ സുരക്ഷയും മാനസിക ഉല്ലാസവും നൽകുന്നതിലേയ്ക്ക് വേണ്ടി കേരള സാമൂഹ്യ സുരക്ഷാ മിഷൻ നടപ്പാക്കുന്ന പദ്ധതിയാണ് **'വയോമിത്രം'**. പദ്ധതിയിൽ രജിസ്റ്റർ ചെയ്യുന്ന മുതിർന്ന പൗരർക്ക് അവരുടെ സാമ്പത്തിക സ്ഥിതി ബാധകമാക്കാതെ സൗജന്യമായി മരുന്ന്, പാലിയേറ്റീവ് സേവനം, ഹെൽപ്പ് ഡെസ്കിന്റെ സേവനം, കൗൺസിലിംഗ് എന്നിവ ലഭ്യമാക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പ്രസ്തുത പദ്ധതി കൂടുതൽ പ്രദേശങ്ങളിലേയ്ക്ക് വ്യാപിപ്പിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | 2011-ൽ കൊല്ലം, തിരുവനന്തപുരം കോർപ്പറേഷനുകളിൽ ആരംഭിച്ച വയോമിത്രം പദ്ധതി 2016 വരെ 38 യൂണിറ്റുകളിൽ മാത്രമാണ് ആരംഭിക്കാൻ കഴിഞ്ഞിട്ടുള്ളത്. ഈ സർക്കാർ അധികാരത്തിൽ വന്ന് രണ്ട് വർഷക്കാലം കൊണ്ട് 49 മുനിസിപ്പാലിറ്റികളിൽ കൂടി പ്രസ്തുത പദ്ധതി ആരംഭിക്കാൻ സാധിച്ചു. നിലവിൽ ആകെ 87 നഗരസഭാ പ്രദേശത്ത് പദ്ധതി നടപ്പാക്കിയിട്ടുണ്ട്. വയോമിത്രം പദ്ധതി ഗ്രാമങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി ജില്ലയിലെ തെരഞ്ഞെടുത്ത ഒരു ബ്ലോക്കിൽ ഈ സാമ്പത്തികവർഷം തന്നെ ആരംഭിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനതല ഉത്ഘാടനം കോഴിക്കോട് റൂറൽ ബ്ലോക്ക് പഞ്ചായത്തിൽ നടത്തിയിട്ടുണ്ട്. |
| (സി) | വൃദ്ധജനങ്ങളുടെ സാമൂഹികവും സാമ്പത്തികവും ആരോഗ്യപരവു-മായ സുരക്ഷ മികച്ച രീതിയിൽ നടപ്പിലാക്കിയതിന് സംസ്ഥാന-ത്തിന് ദേശീയ പുരസ്കാരം ലഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | (സി) | ഉണ്ട്. വൃദ്ധജനങ്ങളുടെ സാമൂഹികവും ആരോഗ്യപരവുമായ സുരക്ഷ മികച്ച രീതിയിൽ നടപ്പാക്കിയതിന് കേന്ദ്രസർക്കാരിന്റെ 2017-ലെ **'വയോശ്രേഷ്ഠ സമ്മാൻ'** പുരസ്കാരം കേരള സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ട്. വകുപ്പിന്റെ കീഴിൽ സംസ്ഥാനത്താകെ മികച്ച രീതിയിൽ പ്രവർത്തിക്കുന്ന വൃദ്ധ |

| | | | |
|---|---|---|---|
| | | | സദനങ്ങളിൽ, വയോജനങ്ങൾക്കായി നൽകിയിട്ടുള്ള സൗകര്യങ്ങളും മികച്ച അലോപ്പതി, വയോ അമൃതം പോലുള്ള ആയുർവേദ ചികിത്സാ സൗകര്യങ്ങളും മ്യൂസിക് തെറാപ്പി, യോഗ പോലുള്ള മാനസിക ഉന്മേഷവും സ്വാസ്ഥ്യവും പ്രദാനം ചെയ്യുന്ന പദ്ധതികൾ, കൗൺസിലിംഗ് മുതലായ സൗകര്യങ്ങൾ, വയോജനങ്ങൾക്കായി പൊതുവായി നടപ്പാക്കുന്ന സായംപ്രഭ ഹോം പദ്ധതി, മന്ദഹാസം പദ്ധതി, വയോസൗഹൃദ ഗ്രാമപഞ്ചായത്ത് പദ്ധതി, കേന്ദ്രാവിഷ്കൃത പദ്ധതികളുടെ മികച്ച നടത്തിപ്പ് തുടങ്ങിയവ മുൻനിർത്തിയാണ് സംസ്ഥാനത്തിന് മികച്ച വയോസൗഹൃദ സംസ്ഥാനമെന്ന അവാർഡ് ലഭ്യമായിട്ടുള്ളത്. |

**സെക്ഷൻ ഓഫീസർ**